(എ) ആരോഗ്യ വകുപ്പിൽ രണ്ടാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പ്രൊമോഷൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

(ബി) ഇതു സംബന്ധിച്ച് സീനിയോറിറ്റി ലിസ്റ്റ് ഏറ്റവും ഒടുവിൽ തയ്യാറാക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ ; രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ-ന് ഒന്നാം ഗ്രേഡായി പ്രൊമോഷൻ നൽകുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ ;

(സി) എട്ടു വർഷത്തിലേറെ പിന്നോക്ക ജില്ലയിലുൾപ്പെടെ അന്യജില്ലാ സർവ്വീസുള്ള ജെ.പി.എച്ച്.എൻ-ന് സീനിയോറിറ്റി നഷ്ടമാകാതെ സ്വന്തംജില്ലയിലേക്ക് ട്രാൻസ്ഫർ ലഭിക്കാൻ അർഹതയുണ്ടോ ; ഇല്ലെങ്കിൽ വർഷങ്ങളോളം അന്യജില്ലകളിൽ സേവനമനുഷ്ഠിക്കുന്നവർക്ക് സ്വന്തംജില്ലയിൽ ജോലിചെയ്യാൻ അവസരം ലഭിക്കത്തക്കവിധം നിയമവ്യവസ്ഥകളിൽ മാറ്റം വരുത്തുമോ ?

ഉത്തരം

(എ) പ്രൊമോഷൻ വൈകുന്നില്ല. 29-3-2015 തീയതിയിലെ ഉത്തരവ് പ്രകാരം റാങ്ക് നമ്പർ 1866 മുതൽ 2165 വരെയുള്ളവർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് സീനിയോറിറ്റി ലിസ്റ്റ് ഏറ്റവും ഒടുവിൽ തയ്യാറാക്കിയത് 10-8-2009-ൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ FW(Spl.Cell) 61647/07/DHS നമ്പർ ഉത്തരവ് പ്രകാരമാണ്. GO(P) നമ്പർ 291/98/H&FWD നം. സ്പെഷ്യൽ റൂൾസിന്റെയും, GO(Ms)No.18/2013(37)/Fin. തീയതി, 9-1-2012 പ്രകാരവുമാണ് രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ-ന് ഒന്നാം ഗ്രേഡായി പ്രമോഷൻ നല്കുന്നത്.

(സി) ജില്ലാതല നിയമനം നേടിയിട്ടുള്ളവർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിക്കുന്നതിനായി ഡി.ആർ.ബി. വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. നിലവിൽ പരിഗണനയിലില്ല.

ആരോഗ്യ വകുപ്പിലെ ഒഴിവുകൾ

14 (2223) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് , സ്റ്റാഫ് നേഴ്സ്, ജൂനിയർ പി.എച്ച്.എൻ, എൽ,എച്ച്,ഐ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II എന്നിവരുടെ ജില്ല തിരിച്ചുള്ള നിലവിലുള്ള ഒഴിവുകൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും പ്രസ്തുത തസ്തികകളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കറഞ്ഞ നിരക്കിൽ രോഗനിർണ്ണയ പരിശോധനകൾ

15 (2224) ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ശശി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 സർക്കാർ ആശുപത്രികളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കുറഞ്ഞ നിരക്കിൽ രോഗനിർണ്ണയ പരിശോധനകൾ നടത്തുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഏതെല്ലാം പരിശോധനകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും എത്രത്തോളം നിരക്ക് കുറച്ചാണ് സർക്കാർ ആശുപത്രികളിൽ പരിശോധനകൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ള തെന്ന് വെളിപ്പെടുത്താമോ ;

(സി) സർക്കാർ ആശുപത്രികളിൽ സൗജന്യ രോഗ നിർണ്ണയ പരിശോധനകൾ നടത്തുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും മറ്റ് റീജിയണൽ ആശുപത്രികളിലെ ജില്ലാ ലാബുകളിലും പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും ബി.പി.എൽ വിഭാഗത്തി ലുള്ളവർക്ക് തികച്ചും സൗജന്യമായും നിരവധി ടെസ്റ്റുകൾ നടത്തിവരുന്നു. പൊതുവായി നടത്തിവരുന്ന എല്ലാ ടെസ്റ്റുകൾക്കും പുറമെ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ ആധുനികമായ താഴെപറയുന്ന ടെസ്റ്റുകൾ അതിനോട് ചേർത്തിരിക്കുന്ന ഫീസുകൾവാങ്ങി നടത്തിവരുന്നു. ടി ടെസ്റ്റുകൾ സ്വകാര്യ മേഖലയിൽ അനേകം ഇരട്ടി ഫീസാണ് വാങ്ങുന്നത്. ലിസ്റ്റ് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly